# ദേശീയ പാത സമരത്തിന്റെ വിജയ വഴിയിൽ സോളിഡാരിറ്റി

കെ. സജീദ്



■ ബി.ഒ.ടിക്കെതിരെ എറണാകുളത്ത് നടന്ന സത്യഗ്രഹത്തിൽ ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ

**2010** ഏപ്രിൽ 20 ന് തിരവനന്തപുരത്ത് നടന്ന സർവകക്ഷിയോഗ തീരുമാനത്തിലൂടെ കേരളത്തിൽ 5 വർഷമായി നടന്നു വരുന്ന ദേശീയ പാത പ്രക്ഷോഭം നിർണായകമായ വഴിത്തിരിവിലെത്തി നിൽക്കുന്നു. പ്രക്ഷോഭം അവസാനിച്ചു എന്ന് പറയാനാവില്ലെങ്കിലും പ്രക്ഷോഭം മുന്നോട്ട് വച്ച എല്ലാ ആവശ്യങ്ങളും കേരളത്തിലെ ഭരണ-പ്രതിപക്ഷപ്പാർട്ടികൾ ഐകകണ്ഠ്യേന അംഗീകരിച്ചത് സമരത്തിന്റെ ആദ്യ ഘട്ട വിജയം തന്നെയാണ്. കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ സമരമെന്നതിനപ്പുറം വലിയ രാഷ്ട്രീയ സാമൂഹിക മാനങ്ങളുള്ള സമരം എന്ന നിലയിലേക്ക് നാഷണൽ ഹൈവേ പ്രക്ഷോഭത്തെ കൊണ്ടെത്തിച്ചതിൽ പ്രധാന പങ്കുവഹിച്ചത് സോളിഡാരിറ്റിയും എസ്.യു.സി.ഐയുമാണ്. സമരത്തെ ജനകീയമാക്കിയതും ദുർബലപ്പെട്ടുപോകുമെന്ന് കരുതിയ സന്ദർഭത്തിൽ സമരാഗ്നി പടർത്തുന്ന ഇന്ധനമായി വർത്തിച്ചതും സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങളാണ്.

എറണാകുളം ജില്ലയിലെ ഇടപ്പള്ളി-മൂത്തകുന്നം എൻഎച്ച് 17 വികസനത്തിന് 2001ലെ വിജ്ഞാപനപ്രകാരം 30 മീറ്റർ സ്ഥലം ഏറ്റെടുത്തിരുന്നു. ഇതിൽ നിർമാണ പ്രവർത്തനം തുടങ്ങും മുൻപ് വീണ്ടും 15 മീറ്റർ കൂടി ഏറ്റെടുക്കണമെന്ന വിജ്ഞാപനം വന്നതോടെ രണ്ട് വർഷത്തിനുള്ളിൽ രണ്ടാമത്തെ കുടിയിറക്കൽ നേരിടേണ്ടി വരുന്നവർ സമരരംഗത്തിറങ്ങുകയായിരുന്നു.ഇതിന് പിന്നാലെയാണ് 2006-ൽ എൻ.എച്ച് 17, എൻ.എച്ച് 47 എന്നിവ നാഷണൽ ഹൈവേ ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ 3ാം ഘട്ടമായി വികസിപ്പിക്കാൻ തീരുമാനിച്ചത്. 45 മീറ്ററിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ വികസിപ്പിക്കാനുള്ള കരാറിൽ സംസ്ഥാന സർക്കാർ ദേശീയ പാത അതോറിറ്റിയുമായി 2007ൽ ഒപ്പ് വെക്കുകയും ചെയ്തു. ഇതോടെ കുടിയിറക്കപ്പെടുന്നവർ എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ, എൻ.എച്ച് 47 ആക്ഷൻ ഫോറം എന്നിവ രൂപവത്കരിച്ച് പ്രക്ഷോഭങ്ങളാരംഭിച്ചു.

സോളിഡാരിറ്റി തുടക്കം മുതൽ തന്നെ പ്രക്ഷോഭങ്ങളോടൊപ്പമുണ്ടായിരുന്നു. സമരം തുടങ്ങിയത് എറണാകുളത്തായതിനാൽ സോളിഡാരിറ്റി എറണാകുളം ജില്ലാ കമ്മിറ്റിതന്നെയാണ് സമരവഴിയിൽ ആദ്യമിറങ്ങിയത്. രണ്ടാമതും കുടിയൊഴിക്കൽ ഭീഷണി നേരിടുന്ന ഇടപ്പള്ളി-മൂത്തകുന്നം പ്രദേശത്തെ വീടുകളിൽ സർവേ നടത്തിയും പ്രാദേശിക സമരക്കൂട്ടായ്മകൾ വിളിച്ച് ചേർത്തും സമരത്തെ ശക്തിപ്പെടുത്തി. ഇടപ്പള്ളി മുതൽ മൂത്തകുന്നം വരെ സോളിഡാരിറ്റി

നടത്തിയ പദയാത്ര പ്രതീക്ഷ നഷ്ടപ്പെട്ടവർക്ക് ആത്മവിശ്വാസം നൽകി. 30 മീറ്ററിൽ 4 വരിപ്പാത എങ്ങനെ നിർമിക്കാമെന്ന പ്രതീകാത്മക റോഡ് നിർമാണത്തിലൂടെ സമരത്തിന് ദിശാ ബോധം നൽകാനും സാധിച്ചു.

സോളിഡാരിറ്റി സംസ്ഥാന സമിതി സമരത്തിന് 'ദേശീയപാത വികസിപ്പിക്കുക; വിൽക്കരുത്' എന്ന മുദ്രാവാക്യം ഉയർത്തി കേരളമാകെ ഏകീഭാവം നൽകി. കോട്ടക്കലിൽ നടന്ന വൻ സമര സമ്മേളനത്തിലൂടെ സമരത്തെ മുന്നോട്ട് നയിക്കാനുള്ള കരുത്ത് തെളിയിച്ചു. മുഴുവൻ സമരസംഘങ്ങളുടെയും പ്രതിനിധികളും സമരസമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ബി.ഒ.ടി യുടെ ചതിക്കുഴികളും അപകടങ്ങളും കേരളത്തെ ബോധ്യപ്പെടുത്തുന്നതിൽ നിർണായക പങ്ക് വഹിച്ചത് സോളിഡാരിറ്റി ആദ്യം പുറത്തിറക്കിയ ലഘുലേഖയാണ്. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾ നടത്തിയ പ്രക്ഷോഭ ജാഥകൾ അവിടങ്ങളിൽ സമരക്കൂട്ടായ്മകൾക്ക് കരുത്തു പകർന്നു. ആലപ്പുഴയിൽ നിർമ്മിച്ച പ്രതീകാത്മക 4 വരിപ്പാതയും ശ്രദ്ധയാകർഷിച്ച സമരമാണ്.

സമരത്തെ ജനകീയമാക്കുന്നതിലും കേരളമാകെ സമരവികാരം ശക്തമാക്കുന്നതിലും വഴിത്തിരിവായത് സോളിഡാരിറ്റി സംസ്ഥാന നേതാക്കൾ നയിച്ച രണ്ട് പ്രക്ഷോഭയാത്രകളായിരുന്നു. കാസർകോഡ് മുതൽ സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ നയിച്ച ഉത്തരമേഖലാ ജാഥയും തിരുവനന്തപുരം മുതൽ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എ ഷഫീഖ് നയിച്ച തെക്കൻ മേഖലാ ജാഥയും ദേശീയപാതയുടെ ഓരങ്ങളിലുള്ളവരിൽ സമരാവേശം ജ്വലിപ്പിച്ചു. ഇരു യാത്രകളും ചാവക്കാട് സംഗമിച്ചപ്പോൾ വൻ ജനാവലിയാണ് സ്വീകരിക്കാനെത്തിയത്. ഡോ. മൻമോഹൻ സിംഗ്, സോണിയാ ഗാന്ധി, എ.കെ ആന്റണി, കമൽ നാഥ്, വി.എസ് അച്ച്യുതാനന്ദൻ, പി.ജെ ജോസഫ് എന്നിവർക്ക് ആയിരക്കണക്കിന് ഇ–മെയിലുകൾ അയക്കുകയും വിവിധ സോഷ്യൽ നെറ്റ് വർക്കുകൾ ഉപയോഗിച്ച് നെറ്റ് കാമ്പയിൻ നടത്തുകയുമുണ്ടായി.

പോരാടി നേടിയെടുത്ത സഞ്ചാര സ്വാതന്ത്ര്യം അടിയറവെയ്ക്കുന്ന ബി.ഒ.ടി ക്കെതിരെ സാംസ്കാരിക കേരളത്തിന്റെ മനസ്സാക്ഷി ഉണർത്തുന്ന സത്യഗ്രഹങ്ങൾ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും സംഘടിപ്പിച്ചു. ഇതിലൂടെ കേരളത്തിലെ അഞ്ഞൂറിലധികം സാംസ്കാരിക പ്രവർത്തകരുമായി സംവദിക്കാനും നൂറിലധികം സാംസ്കാരിക പ്രവർത്തകരെ സത്യഗ്രഹത്തിൽ പങ്കുചേർക്കാനും കഴിഞ്ഞു. മലപ്പുറം കണ്ണൂർ ജില്ലാ സമിതികളും സമാന്തരമായി സത്യഗ്രഹങ്ങൾ സംഘടിപ്പിച്ചു,

പോലീസ് സഹായത്തോടെ കല്ലിടൽ നടപടിക്കെത്തുന്നവരെ തടയുന്നതിൽ ജനങ്ങളോടൊപ്പം സോളിഡാരിറ്റി മുന്നിലുണ്ടായിരുന്നു. ആലപ്പുഴ, കൊല്ലം ജില്ലകളിൽ നിരവധി സ്ഥലങ്ങളിൽ സോളിഡാരിറ്റി പ്രവർത്തകർക്ക് പൊലിസിന്റെ ലാത്തിയടിയേറ്റു. നിരവധി പ്രവർത്തകർ അറസ്റ്റ് വരിച്ചു. പലയിടങ്ങളിലും സംഘടിത ജനശക്തിക്ക് മുന്നിൽ കല്ലിടാനാവാതെ ഉദ്യോഗസ്ഥർക്ക് തിരിച്ച് പോകേണ്ടിവന്നു.

സമരത്തിന് സോളിഡാരിറ്റി നൽകിയ വൈജ്ഞാനിക സംഭാവനകൾ വലുതായിരുന്നു. വഴിമുടക്കുന്ന പെരും പാതകൾ എന്ന ഡോക്യുമെന്ററി ഈ രംഗത്ത് എടുത്ത് പറയേണ്ടതാണ്. ഒരു കൈപ്പുസ്തകവും ലഘുലേഖയും പുറത്തിറക്കുകയുണ്ടായി. ഇതുവഴി സമരത്തിന്റെ യഥാർഥ രാഷ്ട്രീയം ജനങ്ങളിലെത്തിക്കാൻ സാധിച്ചു. പ്രക്ഷോഭ യാത്രയോടൊപ്പം സഞ്ചരിച്ച കലാസംഘങ്ങൾ അവതരിപ്പിച്ച 'ചവിട്ടിത്താഴ്ത്തും മുമ്പ്' എന്ന നാടകവും ജനശ്രദ്ധയാകർഷിച്ചു.

സർവകക്ഷി യോഗത്തിന് മുമ്പായി കേരളത്തിലെ വിവിധ കക്ഷിനേതാക്കളെയും ജനപ്രതിനിധികളെയും സോളിഡാരിറ്റി നേതാക്കൾ സന്ദർശിച്ചു സമരത്തിന്റെ വസ്തുതകൾ ബോധ്യപ്പെടുത്തി. പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, തോമസ് ഐസക്, എസ്.ശർമ്മ, ജി.സുധാകരൻ, എൻ.കെ പ്രേമചന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, പി.ജെ ജോസഫ്, വെളിയം ഭാർഗവൻ, സി.എൻ ചന്ദ്രൻ, പി.സി ജോർജ്, കെ. കൃഷ്ണൻകുട്ടി, വർഗീസ് ജോർജ്, മാത്യു ടി. തോമസ്, സി.പി ജോൺ തുടങ്ങി നിരവധി നേതാക്കളെയും എം.എൽ.എ മാരെയും എം.പിമാരെയും കാണുകയുണ്ടായി. പലരുടെയും മുമ്പുണ്ടായിരുന്ന നിലപാടുകൾ തിരുത്തിക്കുന്നതിൽ വിജയിച്ചു. സർവ്വ കക്ഷിയോഗത്തിൽ കൂട്ടായ തീരുമാനമെടുക്കാൻ ഇതൊക്കെ സഹായകമായി. ■